**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5342** **12-08-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്രം നിർദ്ദേശിച്ച അധിക വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി വിതരണം സ്വകാര്യവൽക്കരിക്കാതെ കേന്ദ്രം നിർദ്ദേശിച്ച അധിക വായ്പ എടുക്കാൻ വൈദ്യുതി ബോർഡിന് കഴിയുമോയെന്ന് വ്യക്തമാക്കാമോ; | (എ) | കഴിയും. സംസ്ഥാന സർക്കാരിന് കടമെടുക്കാനുള്ള വായ്പാപരിധി 0.50% വർദ്ധിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിൽ നിന്നും വൈദ്യുതി മേഖലയിൽ നടപ്പിലാക്കേണ്ട ചില നിർദ്ദേശങ്ങൾ ഉൾപ്പെട്ട ഒരു പദ്ധതി സംസ്ഥാന സർക്കാരിനെ കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം സംസ്ഥാന സർക്കാരിന് ലഭ്യമാകണമെങ്കിൽ 2021-22-ൽ പത്ത് നിർബന്ധിത നിർദ്ദേശങ്ങളും തുടർന്നുള്ള വർഷങ്ങളിൽ പന്ത്രണ്ട് നിർബന്ധിത നിർദ്ദേശങ്ങളും പാലിക്കപ്പെടേണ്ടതായുണ്ട്. 2021-22-ൽ നാല് നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയും തുടർന്നുള്ള വർഷങ്ങളിൽ എട്ട് നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയുമുള്ള പ്രകടന മികവ് പ്രകാരം ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത പദ്ധതിയിൽ കേരള സർക്കാരിനെ കേന്ദ്രസർക്കാർ പങ്കാളിയാക്കുന്നത്. വൈദ്യുതി മേഖല സ്വകാര്യവൽകരിക്കണമെന്നുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ ബോണസ് മാർക്കിനുള്ള മാനദണ്ഡങ്ങളായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ടി പദ്ധതി വിശദമായി പരിശോധിച്ചതിൽ നിന്നും പ്രസ്തുത ബോണസ് മാർക്ക് ഇല്ലാതെ തന്നെ കേരളസർക്കാർ സ്ഥാപനങ്ങളുടേയും വാട്ടർ അതോറിറ്റിയുടേയും വൈദ്യുതി കുടിശ്ശിക സമയബന്ധിതമായി തീർപ്പാക്കുകയും, കാർഷിക ഉപഭോക്താക്കളുടെ സബ്സിഡി, 'ഡയറക്ട് ബെനിഫിഷറി ട്രാൻസ്ഫർ സ്കീം' ചെയ്യുന്നതുവഴി ദ്ധതിയുടെ മുഴുവൻ ആനുകൂല്യവും സംസ്ഥാന സർക്കാരിന് ലഭ്യമാകുമെന്നാണ് കണക്കുകൂട്ടിയിരിക്കുന്നത്. ആയതിനാൽ ടി പദ്ധതിയിലുള്ള സ്വകാര്യവത്കരണ നിർദ്ദേശങ്ങൾ പാലിക്കേണ്ട ആവശ്യമില്ല. പ്രസ്തുത പദ്ധതി |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച് കെ.എസ്.ഇ.ബി-യുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത അധിക വായ്പ എടുക്കുന്നതിന് വൈദ്യുതി നിരക്ക് കൂട്ടേണ്ട സാഹചര്യം നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ; വൈദ്യുതി മേഖലയിൽ കേന്ദ്രം നിർദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ? | (ബി) | പ്രസ്തുത അധിക വായ്പ എടുക്കുന്നതിന് 2021-22 മുതലുള്ള കെ.എസ്.ഇ.ബി-യുടെ നഷ്ടത്തിന്റെ ഒരു ഭാഗം സർക്കാർ ഏറ്റെടുക്കേണ്ടതുണ്ട്. 2021-22 മുതൽ കെ.എസ്.ഇ.ബിയ്ക്ക് നഷ്ടം ഉണ്ടാകാതിരിയ്ക്കാൻ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച റവന്യൂ ഗ്യാപ്പിന്റെ ഒരു ഭാഗം വൈദ്യുതി നിരക്ക് വർദ്ധനവിലൂടെ ശേഖരിക്കേണ്ടതാവശ്യമാണ്. പ്രസ്തുത മേഖലയിൽ കേന്ദ്രം നിർദ്ദേശിക്കുന്ന മറ്റ് പരിഷ്കാരങ്ങൾ ചുവടെ ചേർക്കുന്നു. 1) 'ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം' മുഖേന സബ്സിഡി ഉപഭോക്താവിന് കൈമാറുക. 2) സ്മാർട്ട് ഗ്രിഡ്, സബ്സ്റ്റേഷൻ ആട്ടോമേഷൻ മുതലായവ. 3) AT&C നഷ്ടം കുറയ്ക്കുക. 4) ക്രോസ്സ് സബ്സിഡി കുറയ്ക്കുക. 5) സർക്കാർ ഓഫീസുകളിൽ പ്രീ-പെയ്ഡ് മീറ്റർ സ്ഥാപിക്കുക മുതലായവയാണ്. കടമെടുപ്പ് പരിധി സംസ്ഥാന ആഭ്യന്തര ഉൽപാദനത്തിന്റെ അര (0.5) ശതമാനം വർദ്ധിപ്പിച്ചു നൽകുന്നതിനുള്ള നിർബന്ധിത നിബന്ധന എന്ന നിലയിൽ വൈദ്യുതി മേഖലയിൽ നടപ്പിലാക്കേണ്ട ചില പരിഷ്കാരങ്ങൾ നിർദ്ദേശിക്കുന്നുണ്ട്. വൈദ്യുതി കണക്ഷനുകൾ പൂർണ്ണമായും മീറ്ററിലൂടെ (metered) നൽകുക, വിതരണ നഷ്ടം കുറയ്ക്കുക, സർക്കാർ കുടിശ്ശികയടക്കം വൈദ്യുതി ചാർജ്ജ് പൂർണ്ണമായും പിരിച്ചെടുക്കുക, വൈദ്യുതി വിതരണ രംഗം നവീകരിക്കുക എന്നിവയാണ് നിർദ്ദിഷ്ട വൈദ്യുതി മേഖലാ പരിഷ്കാരങ്ങൾ. പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിന് മാർക്കുകളും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2021 – 22 വർഷത്തെ കടമെടുപ്പ് പരിധി 0.5% ഉയർത്തുന്നതിനു തന്നെ നിർബന്ധമായി നടപ്പിലാക്കേണ്ട പത്ത് നിബന്ധനകളും, പുറമെ 50 മാർക്കിനുള്ള കാര്യക്ഷമതാ മാനദണ്ഡങ്ങളുമുണ്ട്. കുറഞ്ഞത് 30 മാർക്ക് നേടിയാൽ മാത്രമേ കടമെടുക്കൽ പരിധി വർദ്ധിപ്പിച്ചു നൽകുകയുള്ളൂ.എന്നാൽ, വൈദ്യുതിവിതരണ മേഖല സ്വകാര്യവൽക്കരിക്കുകയാണെങ്കിൽ, അധിക ബോണസ് മാർക്കുകൾ ലഭിക്കുമെന്നും നിർദ്ദേശത്തിലുണ്ട്. നിലവിലുള്ള പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ, സ്വകാര്യവൽക്കരണം കൂടാതെ തന്നെ 2021-22-ലും, തുടർ വർഷങ്ങളിലും, കടമെടുപ്പ് പരിധി വർദ്ധിപ്പിക്കുന്നതിന് വേണ്ട മാർക്കുകൾ നേടാൻ കേരളത്തിന് സാധിക്കും. നിർബന്ധമായും പാലിക്കേണ്ട വ്യവസ്ഥകളിൽ |

| | | | | |
|---|---|---|---|---|
| | | | | പ്രധാനം സർക്കാർ വൈദ്യുതിവിതരണ സ്ഥാപനത്തിന്റെ നഷ്ടം സർക്കാർ ഏറ്റെടുക്കണം എന്നുള്ളതാണ്. 2020 – 21 വർഷം നഷ്ടത്തിന്റെ 60 ശതമാനവും തുടർന്ന് ഓരോവർഷവും വർദ്ധിച്ച് 2025 –26-ൽ നഷ്ടം പൂർണ്ണമായും ഏറ്റെടുക്കണം. നിയമാനുസരണമുള്ള മിതമായ (വിലക്കയറ്റ തോതിനേക്കാൾ കുറവായ) താരിഫ് പരിഷ്ക്കരണങ്ങളും മറ്റും സമയബന്ധിതമായി തീരുമാനിച്ച് അനുവദിക്കാൻ ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ ഭാഗത്ത് നിന്ന് നടപടി ഉണ്ടായാൽ നഷ്ടം ഇല്ലാതെ മുന്നോട്ട് പോകാൻ കെ.എസ്.ഇ.ബി.ലിമിറ്റഡി-ന് സാധിക്കും. പ്രവർത്തന ക്ഷമതയ്ക്കുള്ള 50 മാർക്കുകളിൽ 20 ലഭിക്കണമെങ്കിൽ 85% ഉപഭോക്താക്കളെങ്കിലും മീറ്ററുകളിലൂടെ വൈദ്യുതി ലഭിക്കുന്നവർ (metered consumers) ആയിരിക്കണം. 100% മീറ്റർഡ് ഉപഭോക്താക്കളുള്ള സംസ്ഥാനത്തിന് ഈയിനത്തിൽ 20 മാർക്കിനും അർഹതയുണ്ട്. അടുത്ത 20 മാർക്ക് കാർഷിക സബ്സിഡി നിർത്തലാക്കുകയോ, നേരിട്ട് കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയോ (Direct Benefit Transfer–ഡി.ബി.റ്റി) ചെയ്യുന്നതിനാണ്. നിലവിൽ സബ്സിഡിക്ക് അർഹരായ കാർഷിക ഉപഭോക്താക്കൾക്ക് മീറ്ററിൽ രേഖപ്പെടുത്തുന്ന വൈദ്യുതിക്ക് ബിൽ നൽകുകയും ഈ ബിൽ തുക കൃഷിവകുപ്പിൽ നിന്ന് ഒടുക്കുന്നുമുണ്ട്. പ്രായോഗിക തലത്തിൽ ഇതിന് ഡി.ബി.റ്റിയുമായി വ്യത്യാസമൊന്നുമില്ല. അതിനാൽ ആയതിന്റെ 20 മാർക്കും ലഭിക്കാവുന്നതാണ്. ഇതിന് പുറമെ സർക്കാർ സ്ഥാപനങ്ങളുടെ കുടിശ്ശിക കൃത്യമായി തീർക്കുന്നതിന് അഞ്ച് മാർക്കും, വിതരണ ശൃംഖലയിൽ നൂതനസാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നതിന് അഞ്ച്മാർക്കും ഉണ്ട്. സർക്കാർ സ്ഥാപനങ്ങളുടെ കുടിശ്ശിക തീർത്തുകൊണ്ടും, ദ്യുതി പദ്ധതിയുടെ ഭാഗമായും അല്ലാതെയും കൈക്കൊണ്ടു വരുന്ന നൂതന സാങ്കേതിക വിദ്യയിലധിഷ്ഠിതമായ വിതരണ ശൃംഖലാ നവീകരണ പ്രവർത്തനങ്ങളിലൂടെയും പത്തു മാർക്കും ഇവിടെ നേടാവുന്നതാണ്. |

സെക്ഷൻ ഓഫീസർ